# മാർത്തോമ്മാ സുവിശേഷ സേവികാസംഘം
# സേവികാസംഘദിനം
## 2023 സെപ്റ്റംബർ 10, ഞായർ
## ആരാധനാക്രമം

*(മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടുകൂടിയത്)*

**പാട്ട്** :

**കൗമ്മാ** :

## പ്രാർത്ഥന

സർവ്വശക്തനും നിത്യനുമായ ദൈവമേ, ഈ വിശുദ്ധദിനത്തിൽ തിരുസന്നിധിയിലേക്ക് ഞങ്ങൾ അടുത്തു വരുന്നു. മാർത്തോമ്മാ സഭയുടെ പോഷക സംഘടനയായി, കൃപയുടെ കൂട്ടവകാശികളായി, സത്യസുവിശേഷത്തിന്റെ വക്താക്കളായി കഴിഞ്ഞ നൂറ്റാണ്ടിൽ പ്രവർത്തിപ്പാൻ സഹായിച്ച ദൈവകൃപയ്ക്കായി സ്തോത്രം. പ്രതിബന്ധങ്ങളുടെ വൻതിരകൾ ഉയർന്നപ്പോൾ കടലിന്മേൽ നടന്നുവന്ന കർത്താവ് ഒപ്പമുണ്ട് എന്ന വിശ്വാസത്തിൽ മുന്നേറുവാൻ മാതാക്കളെ ബലപ്പെടുത്തിയല്ലോ. സേവികാസംഘദിനമായി ഈ സംവത്സരവും ആചരിപ്പാൻ അവിടുന്നു തന്ന അനുവാദത്തിനായി സ്തോത്രം. ഹൃദയങ്ങളെ നിങ്കലേക്കുയർത്തി അധരങ്ങൾ കൊണ്ടു നിന്നെ സ്തുതിക്കുമ്പോൾ കൃപയുടെ നീർച്ചാലുകൾ ഞങ്ങളിലേക്ക് ഒഴുക്കണമേ. യേശുവിന്റെ നാമത്തിൽ തന്നെ. ആമേൻ

## അനുതാപ പ്രാർത്ഥന

*"യഹോവേ, നീ അകൃത്യങ്ങളെ ഓർമ്മവെച്ചാൽ കർത്താവേ, ആർ നിലനിൽക്കും. എങ്കിലും നിന്നെ ഭയപ്പെടുവാൻ തക്കവണ്ണം നിന്റെ പക്കൽ വിമോചനം ഉണ്ട് " (സങ്കീ.130:3-4).*

**'ദയ തോന്നി ഞങ്ങളോടു ക്ഷമിക്കണമേ'**

എന്നു പ്രതിവാക്യമായി പറയണം

ലീഡർ: പുനരുത്ഥാനത്തിന്റെ സന്ദേശം ശിഷ്യരോട് അറിയിക്കുവാൻ നിയോഗിതരായവരുടെ പിൻതലമുറക്കാർ എന്ന് അഭിമാനിക്കുന്ന ഞങ്ങൾ നിയോഗങ്ങളിലെ അനന്തസാദ്ധ്യതകളെ തിരിച്ചറിയാതെ നിഷ്ക്രിയരായിരുന്ന കുറവിനെ ദൈവമേ...

*പ്രതി : ദയ തോന്നി ഞങ്ങളോട് ക്ഷമിക്കണമേ.*

ലീഡർ: സകലരേയും സകലകുറവുകളോടെയും പരിമിതികളോടും കൂടെ, സ്നേഹിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന ദൈവസ്നേഹത്തിന്റെ അനുഭവസ്ഥരായിരുന്നിട്ടും, അസംഘടിത മേഖലകളിലുള്ളവരേയും പാർശ്വവത്കരിക്കപ്പെട്ടവരേയും വിവേചനം അനുഭവിക്കുന്നവരേയും അംഗീകരിക്കാതിരുന്നതും അവരുടെ അവകാശങ്ങളെക്കുറിച്ചുള്ള അറിവും അന്യായങ്ങൾക്ക് എതിരേ പ്രതികരിക്കുവാനുള്ള ധൈര്യവും പകർന്നു കൊടുക്കുവാൻ കഴിയാതെ പോയതും ദൈവമേ....

*പ്രതി : ദയ തോന്നി ഞങ്ങളോട് ക്ഷമിക്കണമേ.*

ലീഡർ: ജീവിതം ശ്രേഷ്ഠവും മഹനീയവുമാകുന്നത് അസാധാരണ കാര്യങ്ങളുടെ നിർവ്വഹണം നിമിത്തമല്ല, പിന്നെയോ യേശുവിനോടൊത്ത് സാധാരണ കാര്യങ്ങൾ ചെയ്യുന്നതുകൊണ്ടാണ് എന്ന അറിവുണ്ടായിട്ടും മഹാവ്യാധികൾ, ദാരിദ്ര്യം, പീഡനം, പ്രകൃതിദുരന്തം, രോഗം, വേർപാട്, സാമ്പത്തിക പരാധീനത, പട്ടിണി എന്നിവയാൽ നൊമ്പരപ്പെടുകയും മുറിവേൽക്കപെടുകയും ചെയ്യുന്ന ബഹുശതം ജനങ്ങളുടെ നിശബ്ദ നിലവിളിക്ക് നേരെ മിഴിപൂട്ടുകയും വെറും വൈകാരിക പ്രകടനങ്ങളിലൂടെ ആത്മിക അന്ധത പ്രകടമാക്കിയതുമായ കുറവിനെ ദൈവമേ....

*പ്രതി : ദയ തോന്നി ഞങ്ങളോട് ക്ഷമിക്കണമേ.*

# സ്തോത്ര പ്രാർത്ഥന

**"ദൈവമേ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു"**

എന്നു പ്രതിവാക്യമായി പറയണം

ലീഡർ: മാർത്തോമ്മാ സഭയുടെ അംഗീകൃത സംഘടനയായി 104 വർഷം നിലകൊള്ളുവാനും, അതിരുകളില്ലാത്ത ദൈവസ്നേഹത്തിന്റെ അനുഭവക്കാരാകുവാനും വചനമെന്ന വാൾ കൈയ്യിലേന്തി, സുവിശേഷ ജ്വാലയായി മാറി നിരന്തരമായ പ്രാർത്ഥനയിലൂടെ സുവിശേഷ സത്യങ്ങളെ ചേർത്തുപിടിച്ച് ഞങ്ങളെ നയിച്ച മാതാക്കൾക്കായും സഭയുടെ നേതൃത്വത്തിനായും....

*പ്രതി : ദൈവമേ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.*

ലീഡർ: ജീവിതയാത്രയിലെ നോവും നൊമ്പരവും നിസ്സാരമെന്ന് ആശ്വസിപ്പിച്ച് നിശബ്ദതയിലും ഏകാന്തയിലും ഇമ്മാനുവേലായി, ഭയവും ആശങ്കയും ഏറ്റെടുത്ത് ഉത്ക്കണ്ഠപ്പെടാതെ ഉന്മേഷഭരിതരായിരിപ്പാൻ, പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധ്യം വരുത്തുന്ന പരിശുദ്ധാത്മാവിനെ അയച്ച്, ജീവിതം ദൃശ്യമായതിലേക്കല്ല നിത്യമായതിലേക്കുള്ള എത്തിച്ചേരലാണ് എന്നു ഞങ്ങളെ ഓർമ്മപ്പെടുത്തുന്നതിനായി.....

*പ്രതി : **ദൈവമേ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.***

ലീഡർ: ഭയങ്കരവും അതിശയകരവുമായി ഞങ്ങളെ മെനഞ്ഞ്, സൃഷ്ടിയുടെ മകുടമായി രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധ വംശവും സ്വന്ത ജനവും എന്ന പദവി നൽകി ദൈവത്തിന്റെ കൂട്ടുവേലക്കാരായി, വിശ്വാസ സംരക്ഷകരായി, ക്രിസ്തുവിന്റെ അപ്പൊസ്തലരായി സത്യാനന്തരയുഗത്തിൽ ഞങ്ങളെ തെരഞ്ഞെടുത്തിരിക്കുന്നതിനായി....

*പ്രതി : **ദൈവമേ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.***

# മദ്ധ്യസ്ഥ പ്രാർത്ഥന

***"യഹോവേ, എന്റെ വാക്കുകൾക്കു ചെവി തരണമേ, എന്റെ ധ്യാനത്തെ ശ്രദ്ധിക്കണമേ (സങ്കീ.5:1)***

**"ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കണമേ"**
എന്നു പ്രതിവാക്യമായി പറയണം

ലീഡർ: ദൈവരാജ്യ വ്യാപനത്തിനായി പ്രവർത്തിക്കുന്ന എല്ലാ ക്രൈസ്തവ സഭകൾക്കായും പ്രത്യേകിച്ച് മാർത്തോമ്മാ സഭയ്ക്കായും നമ്മുടെ മെത്രാപ്പോലീത്താ അഭിവന്ദ്യ ഡോ. തിയോഡേഷ്യസ് തിരുമേനിക്കായും, സഫ്രഗൻ മെത്രാപ്പോലീത്തമാർ, മറ്റു തിരുമേനിമാർ, സേവികാസംഘം പ്രസിഡന്റ് അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ, വൈദികർ, സുവിശേഷകർ, സന്യസ്തർ എന്നിവർക്കായും...

*പ്രതി : **ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കണമേ.***

ലീഡർ: സമൂഹസേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏവർക്കുമായും പ്രാർത്ഥിക്കാം. ആശുപത്രികൾ, ആതുരാലയങ്ങൾ, അനാഥാലയങ്ങൾ, പ്രത്യേകിച്ച് മാർത്തോമ്മാ സഭയിലെ എല്ലാ സ്ഥാപനകളിലൂടെയും സേവി

കാസംഘത്തിലൂടെയും ചെയ്യപ്പെടുന്ന എല്ലാ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായും പ്രവർത്തകർക്കായും....

*പ്രതി : **ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കണമേ.***

ലീഡർ: തിന്മശക്തികൾ പ്രബലപ്പെടുന്ന ലോകത്തിൽ നാം ജീവിക്കുന്നു. ലഹരികളുടെ ഉപയോഗം വർദ്ധിക്കുന്ന സാഹചര്യത്തിൽ യുവതലമുറയേയും പൈതങ്ങളേയും ദൈവകരങ്ങളിൽ സമർപ്പിക്കാം. കലാപപ്രദേശങ്ങളെ ഓർക്കാം. സേവികാസംഘത്തിന്റെ ഭാവി രൂപീകരണപ്രവർത്തകരായ യംഗ് വിമൻസ് ഫെലോഷിപ്പ്, സുവിശേഷ സത്യങ്ങളെ ചേർത്തുപിടിച്ച ചെയ്ഞ്ച് മേക്കേഴ്സ് ഗ്രൂപ്പ്, കാണ്ടമ്മ മെമ്മോറിയൽ പഠനകേന്ദ്രം, വനിതാബോധിനി, തടിയൂർ പ്രത്യാശാനിലയം, സേവികാസംഘം മിഷൻ ഫീൽഡുകൾ, തയ്യൽ ഡിപ്പാർട്ടമെന്റ് എന്നിവയെ ഓർക്കാം.

*പ്രതി : **ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കണമേ.***

ലീഡർ: ശതാബ്ദി ആഘോഷിച്ച ശാലേം ഭവനത്തെ ഓർക്കാം. ജീവിതം പൂർണ്ണമായും ദൈവരാജ്യ ശുശ്രൂഷയ്ക്കായി സമർപ്പിച്ച പൂർണ്ണസമയ പ്രവർത്തകരായ സേവിനിമാർ, വിശ്രാന്തിഭവനിൽ വിശ്രമിക്കുന്നവർ, സേവികാസംഘത്തിന്റെ ഔദ്യോഗിക ഭാരവാഹികൾ, ഓഫീസ് സ്റ്റാഫ്, നേഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂൾ, കെ.ജി & യു.പി. സ്കൂൾ, വനിതാഹോസ്റ്റലുകൾ, ആശ്രമം, സ്ത്രീ ജനവികസന സമിതി, വനിതാമന്ദിരം, ശാഖാ, സെന്റർ, ഭദ്രാസന പ്രവർത്തകർ, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ എന്നിവർക്കായി അപേക്ഷിക്കാം.

*പ്രതി : **ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കണമേ.***

# സമർപ്പണ പ്രാർത്ഥന

**(എല്ലാവരും ചേർന്ന്)**

ക്രിസ്തുവിന്റെ അപ്പൊസ്തലരായി ഞങ്ങളെ നിയോഗിച്ചിരിക്കുന്ന കൃപയ്ക്കായി സ്തോത്രം. നിർമ്മല വചനം ഉള്ളിൽ വഹിച്ച്, സഹജീവികളോട് സ്നേഹവും, നെടുവീർപ്പിലിരിക്കുന്നവരോട് സൗഹാർദ്ദവും, ഏകാകികൾക്ക് ധൈര്യവും, ബലം ക്ഷയിച്ചവർക്ക് ശക്തിയും, പരാജിതർക്ക് പ്രോത്സാഹനവും, വിങ്ങുന്ന ഹൃദയങ്ങൾക്ക് ആശ്വാസവും പകർന്ന് ദൈവനാമത്തിനായി പ്രവർത്തിപ്പാൻ ഞങ്ങളെ സമർപ്പിക്കുന്നു. ആമേൻ.